**പതിമൂന്നാം കേരള നിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4373 17.12.2014-ൽ മറുപടിക്ക്**

**ഡോക്ടർമാരുടെ സമരം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.എസ്.സലീഖ** | **ശ്രീ.വി.എസ്.ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) മഴക്കാലരോഗങ്ങൾ, കാലവർഷക്കെടുതികൾ, വിദ്യാർത്ഥികളുടെ പരീക്ഷാസമയം തുടങ്ങി ജനങ്ങൾക്ക് സേവനം ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ സർക്കാർ ഡോക്ടർമാർ നിസ്സഹകരണ സമരം ഉൾപ്പെടെ വിവിധ പേരുകളിൽ സമരം സംഘടിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനെ സംബന്ധിച്ച് ഇക്കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. എന്നാൽ ആ വകുപ്പിൽ പത്തനംതിട്ട ജില്ലാ മെഡിക്കൽ ഓഫീസർ വിളിച്ച് ചേർത്ത യോഗം ഒരു വിഭാഗം ഡോക്ടർമാർ ബഹിഷ്ക്കരിച്ചു. മലപ്പുറം ജില്ലയിൽ നവംബർ മാസം ഡോക്ടർമാരുടെ സംഘടന നോട്ടീസ് നൽകി നിസ്സഹകരണ സമരത്തിലായിരുന്നു. ജില്ലാ മെഡിക്കൽ ഓഫീസർ വിളിച്ച് ചേർത്ത മാസാദ്യ ജില്ലാതല യോഗത്തിൽ ജില്ലയിലെ സ്ഥാപന മേധാവികൾ ആരുംതന്നെ പങ്കെടുക്കുകയുണ്ടായില്ല. |
| (ബി) ഈ സർക്കാർ കാലയളവിൽ ഇതുവരെ സമ്മേളനങ്ങൾക്ക് ഉൾപ്പെടെ അവധി എടുത്ത എത്ര ഡോക്ടർമാർ (മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ളവർ) ഉണ്ടെന്നും പ്രസ്തുത അവധികൾ അംഗീകരിച്ച ഉദ്യോഗസ്ഥർ ആരെല്ലാം എന്നും ഇതിന് സർക്കാർ അനുമതി ഉണ്ടായിരുന്നുവോ എന്നും വ്യക്തമാക്കുമോ; | (ബി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ കണ്ടിന്യൂയിങ്ങ് മെഡിക്കൽ എഡ്യൂക്കേഷന്റെ ഭാഗമായി വിവിധ കോൺഫറൻസുകൾക്ക് മെഡിക്കൽ കോളേജ് അദ്ധ്യാപകർ പങ്കെടുക്കേണ്ട തായിട്ടുണ്ട്. പ്രസ്തുത കോൺഫറൻ സുകൾക്കും വർക്ക്ഷോപ്പുകൾക്കുമായി വിവിധ സർക്കാർ മെഡിക്കൽ കോളേജുകളിൽ നിന്നും 64 പേർ പങ്കെടുത്തിട്ടുണ്ട്. സർവ്വീസ് ചട്ടം അനുശാസിക്കുന്ന അവധികൾ ബാധക മാക്കിയാണ് പ്രസ്തുത ഡോക്ടർമാർക്ക് |

അനുമതി നൽകിയിട്ടുള്ളത്.

ആരോഗ്യ വകുപ്പിനെ സംബന്ധിക്കുന്ന വിവരം ചുവടെ ചേർക്കുന്നു:

| വർഷം | അവധി എടുത്ത ഡോക്ടർമാരുടെ എണ്ണം | അവധി നൽകിയ ഉദ്യോഗസ്ഥർ |
|---|---|---|
| 2011 മെയ് മാസം മുതൽ | 896 | ജില്ലാ മെഡിക്കൽ ഓഫീസർ / ആരോഗ്യ വകുപ്പ് ഡയറക്ടർ / അഡീഷണൽ ഡയറക്ടർ (അഡ്മിനിസ്ട്രേഷൻ ആന്റ് ട്രെയിനിംഗ്) |
| 2012 | 1176 | |
| 2013 | 1131 | |
| 2014 | 1039 | |

(സി) മെഡിക്കൽ കോളേജ് ഡോക്ടർമാർ ഉൾപ്പെടെയുള്ളവർ ഇത്തരം അവസരത്തിൽ ശസ്ത്രക്രിയ മുടങ്ങുന്നതടക്കമുള്ള നീക്കങ്ങൾ നടത്തിയതായി കണ്ടെത്തിയിട്ടുണ്ടോ ആരെല്ലാമെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; പ്രസ്തുത ഡോക്ടർമാർക്കെതിരെ എന്തു നടപടികൾ സ്വീകരിച്ചു; വിശദാംശം വ്യക്തമാക്കുമോ;

(സി) കോട്ടയം സർക്കാർ മെഡിക്കൽ കോളേജിലെ അനസ്തേഷ്യ വിഭാഗത്തിനെതിരെ ഇത്തരമൊരു പരാതി ഉയർന്നിരുന്നു. ഈ പരാതി ബഹു:മനുഷ്യാവകാശ കമ്മീഷന്റെ പരിഗണനയിലാണ്.

(ഡി) ഡോക്ടർമാരുടെ കർത്തവ്യങ്ങളെക്കുറിച്ച് അവരെ അറിയിക്കാനും അതിൻപടി പ്രവർത്തിക്കാനും ഡോക്ടർ മാർക്ക് ഒരു പെരുമാറ്റച്ചട്ടം ഉണ്ടാക്കാൻ എന്തു നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ;

(ഡി)ഡോക്ടർമാർക്കും നിലവിലുള്ള കേരള ഗവൺമെന്റ് സർവന്റ്സ് കോൺഡക്ട് റൂൾസും KCS(CC&A)Rules-ഉം ബാധകമാണ്. അതിനാൽ പ്രത്യേക പെരുമാറ്റ ചട്ടത്തിന്റെ ആവശ്യം ഇല്ല.

സെക്ഷൻ ഓഫീസർ